**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3024** **28-02-2023 - ൽ മറുപടിയ്ക്ക്**

**അഖില കേരള പുരാണ പാരായണ കല സംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഖില കേരള പുരാണ പാരായണ കല സംഘടന പ്രതിനിധികൾക്ക് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലും കേരള സംഗീത നാടക അക്കാദമിയിലും സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും പ്രാതിനിധ്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ **കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും പുരാണ പാരായണ വിഭാഗക്കാർക്ക്** അംഗത്വമോ, പെൻഷനോ അനുവദിയ്ക്കുന്നില്ല. പുരാണ പാരായണക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുകയും തൽക്കാലം ഇക്കാര്യം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. പിന്നീട് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പുരാണ പാരായണ കലാസംഘടന ജനറൽ സെക്രട്ടറി 21.01.2022-ന് ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി യുടെ ടി കേസിലെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ **പുരാണ പാരായണക്കാർക്ക്** ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്ന വിഷയം പരിഗണിക്കാൻ നിർവാഹമുള്ളൂ. കേരള സംഗീത നാടക അക്കാദമിയുടെ പരിധിയിൽ പുരാണ പാരായണം ഉൾപ്പെടുന്നില്ല. |
| (ബി) | കേരള സംഗീത നാടക അക്കാദമി നൽകിവരുന്ന പുരസ്കാരങ്ങളിൽ പുരാണ പാരായണക്കാരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ **കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും പുരാണ പാരായണ വിഭാഗക്കാർക്ക്** അംഗത്വമോ, പെൻഷനോ അനുവദിയ്ക്കുന്നില്ല. പുരാണ പാരായണക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുകയും തൽക്കാലം ഇക്കാര്യം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. പിന്നീട് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പുരാണ പാരായണ കലാസംഘടന ജനറൽ സെക്രട്ടറി 21.01.2022-ന് ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി യുടെ ടി കേസിലെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ **പുരാണ പാരായണക്കാർക്ക്** ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്ന വിഷയം പരിഗണിക്കാൻ |

| | | | |
|---|---|---|---|
| | | | നിർവാഹമുള്ളൂ. കേരള സംഗീത നാടക അക്കാദമിയുടെ പരിധിയിൽ പുരാണ പാരായണം ഉൾപ്പെടുന്നില്ല |
| (സി) | പ്രസ്തുത സംഘടന 1994 മുതൽ നടത്തിവരുന്ന ശ്രീവാസുദേവ വിദ്യാപീഠത്തിന് സാംസ്കാരിക വകുപ്പിന്റെ അംഗീകാരമുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സാംസ്കാരിക വകുപ്പിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകി വരുന്നില്ല. |

സെക്ഷൻ ഓഫീസർ